**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **24-08-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുവാൻ റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുള്ള കണ്ണൂർ താലൂക്ക് കല്യാശ്ശേരി അംശം ദേശം റീസർവ്വെ 387/2-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും, നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ വകുപ്പിന് കെട്ടിടം നിർമ്മിക്കുവാൻ കണ്ണൂർ ജില്ലാകളക്ടറുടെ അനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ വകുപ്പിന് കൈമാറേണ്ടുന്ന ഭൂമി ഡീമാർക്കേറ്റ് ചെയ്യുന്നതിനും ബന്ധപ്പെട്ട വില്ലേജ്/ താലൂക്ക് റിക്കാർഡുകളിൽ ആവശ്യമായ മാറ്റം വരുത്തി രജിസ്ട്രേഷൻ വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി കണ്ണൂർ തഹസിൽദാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ